## ഹദീസ്

എസ്സെംകെ

# വിനയായി മാറുന്ന വാർധക്യത്തിന്റെ ദൗർബല്യങ്ങൾ

عَنْ أَنس رَضِيَ اللّٰهُ عَنْهُ قَالَ قَالَ رَسُولُ اللّٰهِ صلى الله عليه وسلم يَهْرَمُ ابْنُ آدَمَ وَيَشِبُّ مِنْهُ اثْنَانِ الْحِرْصُ عَلَى الْمَالِ وَالْحِرْصُ عَلَى الْعُمُرِ (متفق عليه)

**അനസി(റ)ൽനിന്ന്. നബി (സ) പറയുന്നു: മനുഷ്യൻ വാർധക്യം പ്രാപിക്കുന്നു. അതോടെ അവനിലെ രണ്ടെണ്ണം യുവത്വം നേടുന്നു. സമ്പത്തിനും ആയുസ്സിനുമുള്ള അത്യാഗ്രഹം (ബുഖാരി, മുസ്‌ലിം).**

കത്തിയ വിളക്കൊക്കെയും കെടും. വിരിഞ്ഞ പൂവ് വാടും. കൊഴിഞ്ഞുവീഴും. പച്ചിലകൾ പഴുക്കും. പഴുത്തവ നിലംപൊത്തും. പക്ഷേ, പൂവിനോ പച്ചിലക്കോ അനിവാര്യമായ പതനത്തെക്കുറിച്ച് അറിയില്ല. കശാപ്പുശാലയിലേക്ക് നയിക്കപ്പെടുന്ന ആടിന് ആസന്നമായ അന്ത്യം അജ്ഞാതമാണല്ലോ. അതിനാൽ അതപ്പോഴും വഴിയോരത്തെ പച്ചിലകൾ കടിച്ചുതിന്നു കൊണ്ടിരിക്കും. ഏറെ മനുഷ്യരും ഫലത്തിൽ അങ്ങനെത്തന്നെ. ജനിച്ചവരൊക്കെ മരിക്കുമെന്നറിയാത്തവരില്ല. എന്നാൽ മരണത്തെ തന്നിലേക്ക് ചേർത്തുവെക്കാൻ ശ്രമിക്കുന്നവർ വളരെ വിരളം. താനിപ്പോഴൊന്നും മരിക്കില്ലെന്ന് ഓരോരുത്തരും കരുതുന്നു. ആസന്നമരണന്റെ അവസ്ഥ പോലും ഭിന്നമല്ല.

നമ്മുടെ ആയുസ്സ് നിർണിതമാണ്. അത് ദൈവനിശ്ചിതം. അതിന്റെ നീളമെത്രയെന്ന് ആർക്കും അറിയില്ല. കൊഴിഞ്ഞുവീഴുന്ന നിമിഷങ്ങളും മണിക്കൂറുകളും ദിവസങ്ങളും വർഷങ്ങളും ആയുസ്സിന്റെ നീളം കുറച്ചുകൊണ്ടേയിരിക്കുന്നു. നാമൊക്കെ ഓടുകയാണ്. ജനനത്തോടെ ഇതാരംഭിച്ചു. മരണത്തോടെ അവസാനിക്കും. എന്നാൽ ഓടി ഓടി മരണത്തോടടുക്കുകയാണെന്ന് ഏറെപ്പേരും ഓർക്കാറില്ല.

ഐഹികജീവിതത്തെ ചുട്ടുപഴുത്ത ഇരുമ്പിൽ പതിക്കുന്ന വെള്ളുത്തുള്ളിയോടാണ് മഹാഭാരതം ഉപമിച്ചത്. അതിനെ നീങ്ങിപ്പോകുന്ന നിഴലായും സത്രത്തിലെ രാത്രിയാത്രക്കാരനായും ഉറക്കത്തിലെ സ്വപ്നമായും വ്യാമോഹങ്ങളുടെ ലോകത്തെ മിന്നൽപിണറായും ഹസ്രത്ത് അലി (റ) വിശേഷിപ്പിച്ചിട്ടുണ്ട്.

ഈ ലോകം ഒരു വഴിയമ്പലമാണ്. രാജകൊട്ടാരത്തിലേക്ക് കടന്നുചെന്ന സൂഫിവര്യൻ അതിനെ സത്രത്തോടുപമിച്ച കഥ സുവിദിതമാണ്. ആ കൊട്ടാരത്തെ വഴിയമ്പലമെന്ന് ആ സൂഫിവര്യൻ വിശേഷിപ്പിച്ചപ്പോൾ പ്രകോപിതനായ രാജാവ് പരുഷസ്വരത്തിൽ ചോദിച്ചു: ''എന്ത്! വഴിയമ്പലമോ? നീ എന്താണ് പറയുന്നത്? ഇത് രാജകൊട്ടാരമാണെന്നറിയാത്ത ആരെങ്കിലുമുണ്ടോ?''

''എനിക്കറിയില്ല. ഇത് വഴിയമ്പലമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ശരിയും അതുതന്നെ.''

കൊട്ടാരമാണെന്നും വഴിയമ്പലമാണെന്നുമുള്ള തർക്കം തുടരവെ സൂഫിവര്യൻ ചോദിച്ചു: ''താങ്കൾക്ക് മുമ്പേ ഇവിടെ പാർത്തിരുന്നത് ആരാണ്?''

''അതിലെന്തു സംശയം? എന്റെ പിതാവ്.''

''അദ്ദേഹത്തിനു മുമ്പ്?''

''അദ്ദേഹത്തിന്റെ പിതാവ്.''

''അവരൊക്കെ ഇപ്പോൾ എവിടെ?''

''അവരെല്ലാം മരണപ്പെട്ടു.''

''അതേ, അവർ ഇതിനോടു വിടപറഞ്ഞതുപോലെ താങ്കളും ഇവിടെനിന്ന് പടിയിറങ്ങും. ഇവിടെ എല്ലാവരും താൽക്കാലിക താമസക്കാരാണ്. ഈ വഴിയമ്പലം ഇന്നലെ താങ്കളുടേതായിരുന്നില്ല. നാളെയും താങ്കളുടേതാവില്ല. ഇന്നിന്റെ താൽക്കാലിക താമസക്കാരൻ മാത്രമാണ് താങ്കൾ.''

മഹാഭാരതത്തിന്റെ ഭാഷയിൽ ഐഹിക ജീവിതാസ്വാദ്യതകൾ വാരിപ്പുണരാൻ വെമ്പൽ കൊള്ളുന്നവൻ പാമ്പിന്റെ വായിലകപ്പെട്ട തവള പാറ്റയെ പിടിക്കുന്ന പോലെയാണ്.

ജീവിച്ചു കൊതിതീർന്നവർ ഏറെ കുറവാണ്. പ്രായമേറുന്ന തനുസരിച്ച് ആയുസ്സിനോടുള്ള ആർത്തി കൂടിക്കൊണ്ടേയിരിക്കും. ഒപ്പം മരണഭയവും. എന്തിനോടും സന്ധി ചെയ്ത് എങ്ങനെയെങ്കിലും ജീവിക്കണമെന്നായിരിക്കും മോഹം. അതോടെ ആദർശധീരത അസ്തമിക്കും. പ്രതിസന്ധികളെ അഭിമുഖീകരിക്കാനുള്ള കരുത്തില്ലാതാകും. വെല്ലുവിളികളെ നേരിടാൻ തീർത്തും വിമുഖനാകും. വിശ്വാസദാർഢ്യത ചോർന്നുപോകും. അതിനാലാണ് ആയുസ്സിനോട് ആർത്തിയുള്ളവരെ വെള്ളത്തിൽ കുത്തിയൊഴുകുന്ന ചപ്പ്, ചണ്ടി, ചവറു പോലെയാണെന്ന് പ്രവാചകൻ വിശേഷിപ്പിച്ചത്. പലപ്പോഴും വൃദ്ധന്മാർ, ആയുസ്സിനോടുള്ള ആർത്തി കാരണം ചെറുപ്പക്കാരെപ്പോലും സാഹസിക കൃത്യങ്ങളിൽനിന്ന് തടഞ്ഞുനിർത്തുന്നു; അത്തരക്കാർ സ്വയം മുന്നോട്ടുപോകില്ലെന്നു മാത്രമല്ല, അങ്ങനെ മുന്നേറാൻ ശ്രമിക്കുന്നവരുടെ മുന്നിൽ വഴിമുടക്കികളായി മാറുകയും ചെയ്യുന്നു.

യുവാക്കളേക്കാൾ സമ്പത്തിനോട് ആർത്തിയുണ്ടാവുക പ്രായം ചെന്നവർക്കായിരിക്കും. പൊതു സംരംഭങ്ങൾക്കായി പണപ്പിരിവ് നടത്തുന്ന സാമൂഹികപ്രവർത്തകർക്കെല്ലാം അനുഭവത്തിലൂടെ നന്നായി ബോധ്യപ്പെടുന്നതാണിത്. സമ്പത്ത് മതിയായി എന്നു തോന്നുന്ന ആരുമുണ്ടാവില്ല. മക്കൾക്ക് ജീവിക്കാനാവശ്യമായ സമ്പത്തും മാന്യമായ ജോലിയുമുണ്ടെങ്കിൽ പ്രായമേറെയായവർ പിന്നീട് പണത്തിന്റെ പിന്നാലെ പായേണ്ടതില്ല. തങ്ങൾക്ക് ജീവിക്കാനുള്ള വകയുണ്ടെങ്കിൽ അവശേഷിക്കുന്ന കാലം സമൂഹത്തിനു വേണ്ടി നീക്കിവെക്കാവുന്നതാണ്. സമ്പാദന മാർഗം അവലംബിക്കരുതെന്നല്ല; അങ്ങനെയുണ്ടാക്കുന്ന ധനം സമൂഹത്തിലെ അത്യാവശ്യക്കാർക്ക് നീക്കിവെക്കാനുള്ള ഉദാരത ഉണ്ടാവണമെന്നേയുള്ളൂ.

വാർധക്യത്തോടൊപ്പം വന്നുചേരുന്ന സമ്പത്തിനോടുള്ള ആർത്തി അതിനടിപ്പെടുന്നവർക്കെന്ന പോലെ സമൂഹത്തിനും പ്രയാസം സൃഷ്ടിക്കുന്നു. അതിനാലാണ് രണ്ടിന്റെയും സാധ്യത ഊന്നിപ്പറഞ്ഞും അവയെക്കുറിച്ച് താക്കീതു ചെയ്തും രണ്ടിൽ നിന്നും മുക്തി നേടാൻ നബി(സ) സമൂഹത്തെ ഉദ്ബോധിപ്പിക്കുന്നത്. ●